

## ആദികുടുംബം

തനിമയുള്ള സൃഷ്ടികളെ വാർത്തെടുക്കുന്ന മഹാകലാകാരനായ ദൈവം മണ്ണുകുഴച്ച് ചേറുണ്ടാക്കി ലോകത്തിലെ ആദ്യമനുഷ്യജീവിക്ക് ജന്മം കൊടുക്കുമ്പോൾ അവനുമുന്നിൽ മാതൃകകളൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ സ്വന്തം രൂപവും സാദൃശ്യവുമാണ് (ഉൽപ. 1 : 26-27) മനുഷ്യന് ദൈവം പകർന്നു നല്കിയത്. കുഴച്ചെടുത്ത ചേറിനെ തന്റെ കൈകളിലിട്ട് പരുവപ്പെടുത്തി വലിച്ചുനീട്ടി അടിച്ചുകുറുക്കി സമഗ്രതയുള്ള ഒരു രൂപത്തെ സൃഷ്ടിച്ച് ദൈവം നെടുതായൊന്നു നിശ്വസിച്ചു; (ഉൽപ. 2:7) സംതൃപ്തിയുടെ ആ നിശ്വാസം മനുഷ്യനെ അസ്തിത്വത്തിലേയ്ക്ക് ഉണർത്തി. അതു മനോഹരമെന്ന് ദൈവം കണ്ടു. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സ്നേഹസ്വാതന്ത്ര്യങ്ങളിലും ദൈവഛായയിലുള്ള ജീവിതത്തിലും ദൈവത്തിന്റെ തണലിലും ആനന്ദംകൊണ്ടു. അതായിരുന്നു മനുഷ്യന്റെ പൂർണ്ണത.

സ്വന്തം ലോകത്തിലേയ്ക്ക് ഒതുങ്ങുകയും സ്വാർത്ഥതയുടെ ലോകം പടുത്തുയർത്തുകയും ചെയ്യുന്ന ഏകാന്തതയുടെ തുരുത്തുകളിൽ അടിയാനനുവദിക്കാതെ പങ്കുവയ്ക്കുകയും സ്നേഹത്തിലായിരിക്കുകയും ചെയ്യാൻ ഒരു ഇണയെ ദൈവം അവനു സമ്മാനിച്ചു. (ഉൽപ. 2:18)

ത്രിത്വൈക കുടുംബം പോലെയാവാൻ ആദത്തിന്റെ കുടുംബവും ശ്രദ്ധിച്ചിരുന്നു. തന്റെ സായാഹ്നസവാരിയിലേയ്ക്ക് (ഉൽപ. 3:8) ആദത്തിന്റെ കുടുംബത്തെ ദൈവം ക്ഷണിച്ചു. ജീവന്റെ വൃക്ഷത്തിന്റെ (ഉൽപ. 2:9) തണലിൽ നടക്കാൻ. അവിടെ പഴിചാരലില്ല, അധികാരത്തിന്റെ അടിച്ചമർത്തലുകളില്ല, സ്വാർത്ഥതയുടെ കോട്ടമതിലുകൾ സൃഷ്ടിക്കലുമില്ല. സ്നേഹക്കൂട്ടായ്മ മാത്രം. തുറവിയുടെയും പങ്കുവയ്ക്കലിന്റെയും നഗ്നതയിൽ അവർ ലജ്ജിച്ചില്ല.

തോട്ടത്തിനു നടുവിലെ ജീവന്റെ വൃക്ഷമായ ദൈവത്തോടു ചേർന്നുനിന്ന് ദൈവികതയുടെ ഫലങ്ങൾ പുറപ്പെടുത്തേണ്ടിയിരുന്ന ആദിമാതാപിതാക്കൾ പാപത്തിന്റെ കനി ചൂടിനിന്നിരുന്ന തിരിച്ചറിവിന്റെ വൃക്ഷത്തിന്റെ ഛായയിൽ ജീവിതം ആസ്വദിക്കാൻ തീരുമാനിക്കുന്നു. ആ പഴം ഭക്ഷിച്ച അവർ പുറപ്പെടുവിക്കുന്നത് പാപത്തിന്റെ കായ്കളാണ്; (ഉൽപ. 4 :11) കായേന്റെ കുറ്റപ്പെടുത്തലും, പഴിചാരലും (ഉൽപ. 3:12) മനുഷ്യകുടുംബത്തിന്റെ മുഖമുദ്രയായി മാറുന്നു.
ദൈവബന്ധത്തിൽ നിന്നകന്ന് മരങ്ങൾക്കിടയിൽ ഒളിച്ച ആദവും ഹവ്വായും ലോകസുഖങ്ങളിലേയ്ക്കും ആധുനികതയുടെ മുഖമുദ്രയായ ഉപഭോഗസംസ്കാരത്തിന്റെ ഇരുണ്ട കോണുകളിലേയ്ക്കും ഉൾവലിയുന്ന മനുഷ്യന്റെ പ്രതീകമാണ്. ക്രിസ്തുവിനെ കുടുംബത്തിന്റെ കേന്ദ്രമാക്കുന്നതിനുപകരം ലൗകികമോഹങ്ങളുടെ കനി ഭക്ഷിക്കുന്നവർക്ക് തിന്മയുടെ തിക്തഫലങ്ങൾ മാത്രമേ പുറപ്പെടുത്താനാവൂ.


| | | |
|---|---|---|
| ചിന്തകൾ | : | ഫാ. ഐവാൻ മുത്തനാട്ട് എം എസ് ടി |
| | | ഫാ. ഔസേപ്പച്ചൻ വള്ളികാട്ട് എം എസ് ടി |
| വര | : | വി.പി. ജയകുമാർ |
| പ്രസാധനം | : | സാന്തോം |
| | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാസ്റ്ററൽ മിഷനറി കമ്മ്യൂണിക്കേഷൻ |